ഉത്തരം

പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ കരാറുകാർക്ക് 28-2-2015-വരെ കടിശ്ശിക ബില്ലിനത്തിൽ 1711.19 കോടി രൂപയും കെട്ടിട വിഭാഗത്തിൽ 477.97 കോടി രൂപയും ദേശീയപാതാ വിഭാഗത്തിൽ 45.72 കോടി രൂപയും കുടിശ്ശികയുണ്ട്. കാസർഗോഡ് ജില്ലയിൽ നിരത്ത് വിഭാഗത്തിൽ 7838.85 ലക്ഷം രൂപയും കെട്ടിടവിഭാഗത്തിൽ 12.78 കോടി രൂപയും നൽകുവാനുണ്ട്. ദേശീയപാതാ വിഭാഗത്തിൽ കാസർഗോഡ് ജില്ലയിൽ കുടിശ്ശിക നൽകാനില്ല.

ചന്ദനത്തോപ്പ് - പെരിനാട് ഇ.എസ്.ഐ. റോഡിന്റെ നിർമ്മാണം

319 (1353) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചന്ദനത്തോപ്പ്-പെരിനാട് ഇ.എസ്.ഐ. റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ അനന്തമായി നീളുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ അവസ്ഥ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ചന്ദനത്തോപ്പ്-പെരിനാട് ഇ.എസ്.ഐ. റോഡിന്റെ നിർമ്മാണ പ്രവൃത്തിക്ക് രണ്ടുതവണ ടെണ്ടർ ക്ഷണിച്ചിട്ടും കരാറുകാർ പ്രതികരിക്കാത്തതിനെ തുടർന്ന് തുടർ ക്വട്ടേഷൻ ക്ഷണിക്കുകയും അതിൻ പ്രകാരം ലഭിച്ച എസ്റ്റിമേറ്റ് റേറ്റിന്റെ 17.87% അധിക നിരക്കിലുള്ള ശ്രീ. സജീഷ് എ. എന്ന കരാറുകാരന്റെ ടെണ്ടർ ക്വട്ടേഷൻ 21-5-2015-ലെ സ.ഉ.(സാധാ) നമ്പർ 685/15/പൊ.മ.വ. പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പണിയുള്ള കരാർ ഒപ്പുവച്ചാലുടൻ തന്നെ പണി ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

തിരുവനന്തപുരം - ചെങ്കോട്ട റോഡ് ഗതാഗത തടസ്സം

320 (1354) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം-ചെങ്കോട്ട, പാലോട് ഫോറസ്റ്റ് റെയിഞ്ചാഫീസിനു മുന്നിലെ റോഡ് വാമനപുരം നദിയിലേക്ക് ഇടിഞ്ഞുവീണ് വർഷങ്ങളായി ഗതാഗത തടസ്സം ഉണ്ടായി കൊണ്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ റോഡിന്റെ പാർശ്വഭിത്തി നിർമ്മിച്ച് ഗതാഗത യോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത റോഡിന്റെ ഇടിഞ്ഞ ഭാഗത്ത് പാർശ്വഭിത്തി നിർമ്മിച്ച് റോഡ് പുനരുദ്ധരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ; വിശദവിവരം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) 15-6-2015-ലെ സ.ഉ. (സാധാ) നമ്പർ 832/15/പൊ.മ.വ. പ്രകാരം പ്രസ്തുത റോഡിന്റെ പാർശ്വഭിത്തി നിർമ്മിക്കുന്നതിനായി 480 ലക്ഷം രൂപയുള്ള ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത റോഡിന്റെ പാർശ്വഭിത്തി നിർമ്മാണത്തിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാല നിർമ്മാണം

321 (1355) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും ആയത് എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാലത്തിന്റെ എല്ലാ തൂണുകളുടെയും 18 തൂണുകളുടെയും കോപ്പുകളിൽ 13 എണ്ണത്തിന്റെയും 18 പിയറുകളിൽ 11 എണ്ണത്തിന്റെയും 16 പിയർ കാപ്പുകളിൽ 8 എണ്ണത്തിന്റെയും നിർമ്മാണം പൂർത്തിയായിട്ടുണ്ട്. മേൽപ്പാലത്തിന്റെ പണികൾ 2016 ജനുവരി 31-ാം തീയതിയോടെ പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷ.

ആത്തിപ്പൊറ്റ പാലത്തിന്റെ പുനർ നിർമ്മാണം

322 (1356) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തരൂർ മണ്ഡലത്തിലെ ആത്തിപ്പൊറ്റ പാലത്തിന്റെ പുനർനിർമ്മാണത്തിനുള്ള നടപടികൾ ഏതു ഘട്ടംവരെയായെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly